(ബി) 1998 ഒക്ടോബർ മാസത്തിൽ യുവജന നയം സംബന്ധിച്ച കരട് രേഖയുടെ ചർച്ച നടന്നിട്ടും യുവജന നയം പ്രഖ്യാപിക്കാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ ;

(സി) യുവജന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യുവജന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയമിതമായ വിദഗ്ദ സമിതിയുടെ അന്തിമ റിപ്പോർട്ട് കിട്ടിയ ശേഷം യുവജന നയം പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 5-4-2000-ൽ വിദഗ്ദ്ധ സമിതിയുടെ ഒന്നാം റിപ്പോർട്ടും 4-7-2000-ൽ അതിന്റെ രണ്ടാം റിപ്പോർട്ടും ലഭിയ്ക്കുകയുണ്ടായി. ഇവ പരിശോധിച്ച് വരുകയാണ്.

(ബി) വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കാൻ വൈകിയതാണ് യുവജന നയം പ്രഖ്യാപിക്കാൻ താമസം നേരിട്ടത്.

(സി) യുവജന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി, യുവജന ക്ഷേമ ബോർഡ് താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും നടത്തി വരുന്നത്.

1. ചിത്രവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് വർഷം തോറും എക്സ്ബിഷൻ "ഫോർ യൂത്ത്".
2. ദേശീയബോധം വളർത്തുന്നതിന് ദേശീയോദ്ഗ്രഥന ക്യാംപുകൾ.
3. സാഹസിക ബോധം വളർത്തുന്നതിന് മൂന്നാറിലെ സാഹസിക അക്കാഡമി വഴി, പാരാ-ഗ്ലൈയിഡിംഗ്, റോക്ക് ക്ലൈബിംഗ്, ട്രെക്കിംഗ് എന്നിവയിൽ പരിശീലനം.
4. തൊഴിൽ പരിശീലനം എന്ന നിലയിൽ , കൊത്തപ്പണി, ആശാരിപ്പണി, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നന്നാക്കൽ എന്നിവയിൽ പരിശീലനം.
5. യുവജനങ്ങളുടെ കലാ-കായിക കഴിവ് പ്രോത്സാഹിപ്പിക്കാനായി കേരളോത്സവം സംഘടിപ്പിക്കുന്നു.
6. പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാംപുകൾ സംഘടിപ്പിക്കുന്നു.

നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന വൻകിട ജലസേചന പദ്ധതികൾ

20(223) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന വൻകിട ജലസേചനപദ്ധതികൾ ഏതെല്ലാം ;

(ബി) ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാകും ;

(സി) ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ എത്ര ഹെക്ടർ സ്ഥലത്തുകൂടി ജലസേചനസൗകര്യം ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മൂവാറ്റുപുഴ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) ഈ പദ്ധതിയുടെ മെയിൻ കനാലുകളുടേയും ബ്രാഞ്ച് കനാലുകളുടേയും പണി പൂർത്തിയായിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ജി) എത്ര കീലോമീറ്റർ മെയിൻ കനാലും എത്ര കീലോമീറ്റർ ബ്രാഞ്ച് കനാലും നിർമ്മിച്ചു കഴിഞ്ഞു ;

(എച്ച്) മൂവാറ്റുപുഴ പദ്ധതി എന്നാണ് ഭാഗികമായി കമ്മീഷൻ ചെയ്തത് ;

(ഐ) ഇതിനുശേഷം ഏതെല്ലാം കനാലുകളിൽകൂടി കൃഷിക്കാർക്ക് വെള്ളം നല്കിയിട്ടുണ്ട് ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഴശ്ശി, കുരിയാർകുട്ടി-കാരപ്പാറ, ഇടമലയാർ, മൂവാറ്റുപുഴ, കല്ലട

(ബി) പൂർത്തിയാകുവാൻ ലക്ഷ്യമിട്ടിരിക്കുന്ന വർഷം ചുവടെ ചേർത്തിരിക്കുന്നു.

1.	പഴശ്ശി	—	2000-2001
2.	കുരിയാർകുട്ടി-കാരപ്പാറ	—	2002-2007
3.	ഇടമലയാർ	—	2001-2002
4.	മൂവാറ്റുപുഴ	—	2001-2002
5.	കല്ലട	—	2001-2002

(സി) പദ്ധതികൾ പൂർത്തിയാകുമ്പോൾ ജലസേചനസൗകര്യം ലഭ്യമാകുന്ന സ്ഥലത്തിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

1.	പഴശ്ശി	—	11525 ഹെക്ടർ (നെറ്റ്)
2.	കുരിയാർകുട്ടി-കാരപ്പാറ	—	17468 ഹെക്ടർ (നെറ്റ്)
3.	ഇടമലയാർ	—	14394 ഹെക്ടർ (നെറ്റ്)
4.	മൂവാറ്റുപുഴ	—	17737 ഹെക്ടർ (നെറ്റ്)
5.	കല്ലട	—	61630 ഹെക്ടർ (നെറ്റ്)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡാമിന്റെ പണികൾ പൂർത്തിയായി. വലതുകര മെയിൻ കനാലിന്റെയും ഇടതുകര മെയിൻ കനാലിന്റെയും വിവിധ ബ്രാഞ്ച് കനാലുകളുടേയും ഡിസ്ട്രിബ്യൂട്ടറികളുടേയും പണികൾ നടന്നുവരുന്നു.

(ഇ) ഇല്ല.

(എഫ്) ഫണ്ടിന്റെ അപര്യാപ്തത, സ്ഥലം ഏറ്റെടുത്ത് കിട്ടുന്നതിനുള്ള കാലതാമസം, ഏറ്റെടുത്ത ചില പണികളിൻമേൽ നടക്കുന്ന വിജിലൻസ് അന്വേഷണം എന്നീ കാരണങ്ങളാൽ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കഴിയാതെ വന്നിട്ടുണ്ട്.

(ജി) ഇടതുകര മെയിൻ കനാലിന്റെ 33.869 കിലോമീറ്ററും വലതുകര മെയിൻ കനാലിന്റെ 16.512 കിലോമീറ്ററും ബ്രാഞ്ച് കനാലുകളുടെ 18.258 കിലോ മീറ്ററും ഡിസ്ട്രിബ്യൂട്ടറികളുടെ 33.922 കിലോമീറ്ററും പൂർത്തിയായിട്ടുണ്ട്.

(എച്ച്) 1994 നവംബറിൽ.

(ഐ) ഇടതുകര മെയിൻ കനാലിന്റെ 33-ാം കിലോമീറ്റർ വരെയും വലതുകര മെയിൻ കനാലിന്റെ 8 കിലോമീറ്റർ വരെയും മാറാടി ബ്രാഞ്ച് കനാൽ, രാമമംഗലം ബ്രാഞ്ച് കനാൽ എന്നിവയിലൂടെയും വേനൽക്കാലത്ത് വെള്ളം തുറന്നുവിടുന്നുണ്ട്.

ശിരുവാണിപുഴ കരാർ

21(224) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള ശിരുവാണിപുഴ കരാർ പ്രകാരം എത്ര ഘന അടി ജലമാണ് തമിഴ്നാടിന് അവകാശപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ;

(ബി) തമിഴ്നാട് ഈ ഡാമിൽനിന്നും പ്രതിവർഷം എത്ര ഘന അടിജലമാണ് കൊണ്ടുപോകുന്നത് ;

(സി) ജലം അളക്കുന്നതിന് ശിരുവാണിയിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; ഇതിലേക്കായി എത്ര ജീവനക്കാരുണ്ട് ;

(ഡി) ശിരുവാണി ജലം, അസംസ്കൃത വസ്തുവായി ഉപയോഗിച്ച് വ്യവസായം നടത്തുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ ;

(ഇ) ഈ ജലമുപയോഗിച്ച് തമിഴ്നാടിൽ ആരെങ്കിലും ഏതെങ്കിലും വ്യവസായം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിച്ച് നടപടി എടുക്കുമോ ;

(ജി) ശിരുവാണി കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly